**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5945** **16-03-2023 - ൽ മറുപടിയ്ക്ക്**

**സ്പെഷ്യൽ റൂൾസ് സംബന്ധിച്ച പരാതി പരിഹാര സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ റൂൾസ് സംബന്ധിച്ച് വകുപ്പ് മന്ത്രി സർവീസ് സംഘടനകളുമായി ചർച്ച നടത്തിയിരുന്നോ; എങ്കിൽ ചർച്ചയിൽ എന്തെല്ലാം ഉറപ്പുകൾ നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ; ഉറപ്പുകളുടെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കുമോ; | (എ) | ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ റൂൾസ് സംബന്ധിച്ച് ബന്ധപ്പെട്ട എല്ലാ പൊതു-കാറ്റഗറി സംഘടനകളുമായും എറണാകുളം മുനിസിപ്പൽ ടൌൺ ഹാളിൽ വച്ച് 02.12.2022 ന് ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ചർച്ച നടത്തിയിരുന്നു. പ്രസ്തുത യോഗത്തിൽ സംഘടനകൾ ഉന്നയിച്ച നിർദ്ദേശങ്ങൾ സൂക്ഷ്മമായി പരിശോധിക്കുന്നതാണെന്നും അവയിൽ പരിഗണിക്കാവുന്നവ പരിഗണിക്കുന്നതാണെന്നും ബഹു. മന്ത്രി അറിയിച്ചിരുന്നു. അതിൻ പ്രകാരം സംഘടനകൾ ഉന്നയിച്ചിട്ടുള്ള എല്ലാ നിർദ്ദേശങ്ങളും പരിശോധിക്കുന്നതിനായി പരാതി പരിഹാര സെല്ലിനു നല്കിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ തലത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | സ്പെഷ്യൽ റൂൾസ് സംബന്ധിച്ച പരാതി പരിഹാര സംവിധാനം എന്നാണ് നിലവിൽ വന്നത് ; പ്രസ്തുത സംവിധാനത്തിൽ ലഭിക്കുന്ന പരാതികൾ തീർപ്പാക്കുന്നത് ഏതു വിധത്തിലാണെന്നും ഒരു പരാതി തീർപ്പാക്കുന്നതിനുള്ള കാലയളവ് എത്രയെന്നും വിശദമാക്കുമോ; | (ബി) | സ.ഉ (സാധാ) നം. **2717/2022**/തസ്വഭവ, തീയതി **07.11.2022** സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ **09.11.2022** ലെ **1099/B1/PDLSGD/2022** നമ്പർ ഉത്തരവ് പ്രകാരം സ്പെഷ്യൽ റൂൾസ് സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ പരിശോധിക്കുന്നതിന് പരാതി പരിഹാര സെൽ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.<br><br>പരാതി പരിഹാര സെൽ മുമ്പാകെ ലഭിക്കുന്ന പരാതികൾ സെല്ലിൽ പരിശോധിക്കുന്നതും സർക്കാർ തലത്തിൽ തീരുമാനമെടുക്കേണ്ട വിഷയങ്ങൾ റിപ്പോർട്ട് സഹിതം സർക്കാരിൽ സമർപ്പിക്കുന്നതും തുടർന്ന് സർക്കാർ തലത്തിൽ ഈ വിഷയത്തിൽ അന്തിമ തീരുമാനമെടുക്കുന്നതുമാണ്. പരാതി പരിഹാര സെല്ലിന്റെ കാലാവധി **27/10/2022** മുതൽ ഒരു വർഷമാണ്. പരാതി |

| | | | |
|---|---|---|---|
| | | | തീർപ്പാക്കുന്നതിനുള്ള കാലയളവ് പ്രത്യേകമായി നിശ്ചയിച്ചിട്ടില്ല. |
| (സി) | പരാതി പരിഹാര സംവിധാനത്തിൽ നാളിതുവരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; പരാതികളുടെ വിശദാംശവും ആയതിന്മേൽ സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ? | (സി) | നിലവിൽ പരാതി പരിഹാര സെല്ലിൽ സ്പെഷ്യൽ റൂളുമായി ബന്ധപ്പെട്ട എഴുപതോളം പരാതികൾ ലഭിച്ചിട്ടുള്ളതും ആയതിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ